**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.287 12-10-2011-ലെ മറുപടിക്ക്

## കാർഷിക വിളകളുടെ വിലനിലവാരം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>,, എ.കെ. ബാലൻ<br>,, സി.കെ. സദാശിവൻ<br>,, എസ്. രാജേന്ദ്രൻ | | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കാർഷിക വിളകളുടെ വിലനിലവാരം സംബന്ധിച്ച് കൃഷിവകുപ്പ് അവലോകനം നടത്തിയിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) കാർഷിക വിളകളുടെ ശരാശരി വിലയും ഉല്പാദനചെലവും സംബന്ധിച്ച് ലഭ്യമായ ഏറ്റവും ഒടുവിലത്തെ വിവരങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ് 63 ഇനം കാർഷിക വിളകളുടെ പ്രതിമാസ സംസ്ഥാന ശരാശരിവില തയ്യാറാക്കുന്നുണ്ട്. കൂടാതെ നെല്ല്, തെങ്ങ്, അടക്ക, മരച്ചീനി, ഏത്തവാഴ, കുരുമുളക്, ഇഞ്ചി, മഞ്ഞൾ എന്നീ വിളകളുടെ ഉൽപ്പാദന ചെലവും 2008-09 വരെ കണക്കാക്കിയിട്ടുണ്ട്. ശരാശരി വില 2010, 2011(ജൂൺ വരെ) വർഷങ്ങളിലേയും ഉൽപ്പാദനചിലവ് (2008-09) എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) ഉല്പാദനചെലവിലുണ്ടായ വർദ്ധനക്കനുസൃതമായി വിളകളുടെ വിലനിലവാരത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടോ? | (സി) | ഉണ്ട് |
| (ഡി) ഏതെങ്കിലും വിളയുടെ കാര്യത്തിൽ വർദ്ധന ഉണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ നേട്ടം ശരിയായ ഉല്പാദകർക്ക് ലഭിക്കുന്നു എന്ന് കരുതുന്നുണ്ടോ; | (ഡി) | ഉണ്ട് |

(ഇ) ഇടനിലക്കാർ ലാഭം കൊയ്യുന്ന സ്ഥിതി വിശേഷം നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

(ഇ) ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് ന്യായമായ വില ഉറപ്പാക്കുന്നതിനുവേണ്ടി കൃഷിവകുപ്പിന്റെ കീഴിൽ കാർഷിക വിപണനം മെച്ചപ്പെടുത്തുന്നതിനായി യൂറോപ്യൻ സാമ്പത്തിക സഹായത്തോടെ ആറു മൊത്ത വ്യാപാര വിപണികൾ ആരംഭിച്ചെങ്കിലും ശക്തമായ മാർക്കറ്റിംഗ് സംവിധാനം നമ്മുടെ സംസ്ഥാനത്ത് നിലവിലില്ലാത്ത സാഹചര്യത്തിൽ ഇടനിലക്കാരുടെ കടന്നുകയറ്റം തടയാൻ കഴിയുന്നില്ല എന്ന പരമാർത്ഥം നിലനിൽക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ